പരാതികളിന്മേൽ യഥാസമയം നടപടികളുണ്ടാകുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതെപ്പറ്റിയുള്ള വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലഭിക്കുന്ന പരാതികൾ ഇ-മെയിൽ മുഖാന്തിരം ജില്ലകളിലേയ്ക്ക് കൈമാറി ഉടൻനടപടികൾ സംബന്ധിച്ച റിപ്പോർട്ട് ഉറപ്പുവരുത്താറുണ്ട്. എന്നാൽ ജീവനക്കാരുടെയും വാഹനങ്ങളുടെയും കുറവുമൂലം പരാതി ലഭിക്കുന്ന സമയംതന്നെ ആയത് പരിശോധിക്കുവാൻ പരിമിതി നേരിടുന്നുണ്ട്. എന്നിരുന്നാലും ലഭിക്കുന്ന പരാതി മുഴുവൻ സമയബന്ധിതമായി പരിശോധിച്ച് നടപടി സ്വീകരിക്കാറുണ്ട്.

മായം ചേർത്ത വെളിച്ചെണ്ണ

78 (8138) ശ്രീ. സാജു പോൾ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. ബി. സത്യൻ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

പാരഫിൻ, വാക്സ് തുടങ്ങിയ വസ്തുക്കൾ ചേർന്ന ഭക്ഷ്യ എണ്ണ ക്യാൻസർ ഉൾപ്പെടെയുള്ള മാരകരോഗങ്ങൾക്ക് കാരണമായേക്കാമെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

വിഷാംശം വലിച്ചെടുക്കുന്ന ഔഷധക്കുട്ട്

79 (8139) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പഴങ്ങൾ, പച്ചക്കറി, ധാന്യങ്ങൾ എന്നിവയിലെ വിഷാംശം വലിച്ചെടുക്കുന്നതിനായി കാസർഗോഡ് സ്വദേശിയായ ഡോ. കെ. മോഹനൻ നീണ്ട ഗവേഷണത്തിനൊടുവിൽ ഔഷധക്കുട്ട് വികസിപ്പിച്ചെടുത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മാരകമായ കീടനാശിനികളും രാസവളങ്ങളും പ്രയോഗിക്കുന്നതുമൂലം പച്ചക്കറികളിലും പഴങ്ങളിലും ധാന്യങ്ങളിലും അടിഞ്ഞുകൂടുന്ന വിഷം പൂർണ്ണമായി വലിച്ചെടുക്കാൻ കഴിയുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇന്ത്യയിലെ ലബോറട്ടറികളിലെ പരിശോധനയ്ക്കുശേഷം അമേരിക്കൻ പേറ്റന്റ് കമ്പനിയായ മാക്സ് വെൽ ഐ. പി., യിൽ നിന്നും ഇന്ത്യൻ പ്രൊവിഷണൽ പേറ്റന്റും ലോകരാജ്യങ്ങളിൽ ഔഷധം നിർമ്മിച്ച് വിതരണം ചെയ്യാനുള്ള പി.സി.ടി. അംഗീകാരവും ലഭിച്ചതിനാൽ കേരളത്തിലെ കാർഷിക രംഗത്ത് പ്രസ്തുത ഔഷധം പ്രയോജനപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ;

(ഡി) തമിഴ് നാട്ടിൽ നിന്നും കർണ്ണാടകയിൽ നിന്നും ലഭിക്കുന്ന പച്ചക്കറി കളിലെ വിഷാംശം മാറ്റുന്നതിനായി ഇത് വ്യാപകമായി ഉപയോഗിക്കാനായി നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി-ഡി) ബാധകമല്ല.

ഡി.എച്ച്.എസ്-ൽ മരുന്ന് കത്തിച്ച സംഭവം

80 (8140) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ മരുന്നുകൾ കൂട്ടിയിട്ട് കത്തിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ലക്ഷങ്ങൾ വിലവരുന്ന ജീവൻ രക്ഷാമരുന്നുകൾ തീയിട്ട് നശിപ്പിച്ചത് എന്തുകൊണ്ടെന്നും ഇതിന് കാരണക്കാരായ ഉദ്യോഗസ്ഥർ ആരെല്ലാമെന്നും വ്യക്തമാക്കുമോ ;

(സി) ഇതിനായി അനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) ഇക്കാര്യത്തിൽ ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിന്റെ അനുമതിയോ നീരിക്ഷണമോ ഉണ്ടായിരുന്നുവോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഇ) എന്തുവില വരുന്ന മരുന്നുകളാണ് കത്തിച്ചതെന്നും ഇത്രയധികം മരുന്നുകൾ ഉപയോഗശൂന്യമായതിന്റെ കാരണവും വ്യക്തമാക്കുമോ ;

(എഫ്) ഈ വിവരമറിഞ്ഞ് അവിടെയെത്തിയ ജനപ്രതിനിധികൾ ആരെല്ലാമെന്നും അവരെ തടഞ്ഞ ഉദ്യോഗസ്ഥർ ആരെല്ലാമെന്നും തടഞ്ഞതിനു കാരണം എന്താണെന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly